**ചരമോപചാരം**

<u>പി. ശിവശങ്കർ</u>

മുൻ കേരളാ ഗവർണ്ണർ പി. ശിവശങ്കറിന്റെ നിര്യാണം.

<u>മി. സ്പീക്കർ</u> : മുൻ കേരളാ ഗവർണ്ണറായിരുന്ന പി. ശിവശങ്കർ 2017 ഫെബ്രുവരി 27-ന് അന്തരിച്ചു.

ഹൈദരാബാദിലെ മാമിഡിപള്ളിയിൽ 1929 ആഗസ്റ്റ് 10-ന് പി. ശിവശങ്കർ ജനിച്ചു. ദാരിദ്ര്യം കാരണം ബാല്യത്തിൽത്തന്നെ വീടുവിട്ടിറിങ്ങി അമൃത്സറിലെത്തിയ അദ്ദേഹം നിരവധി ജോലികൾ ചെയ്താണ് വിദ്യാഭ്യാസം നടത്തിയത്. അമൃത്സർ ഹിന്ദു കോളേജിൽനിന്നും ബിരുദം നേടിയശേഷം ഹൈദരാബാദ് ഓസ്മാനിയ സർവ്വകലാശാലയിൽനിന്നും നിയമബിരുദം കരസ്ഥമാക്കി. അഭിഭാഷകനായി ഔദ്യോഗികവൃത്തി ആരംഭിച്ച അദ്ദേഹത്തിന് 1974-ൽ ആന്ധ്രാപ്രദേശ് ഹൈക്കോടതി ജഡ്ജിയായി നിയമനം ലഭിച്ചു.

പിന്നീട് രാഷ്ട്രീയത്തിൽ സജീവമായ പി. ശിവശങ്കർ 1979-ൽ സെക്കന്ദരാബാദിൽനിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായി ആറാം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1980-ലും ലോക്സഭാ അംഗമായ അദ്ദേഹം ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ നിയമ വകുപ്പുമന്ത്രിയായി.

അതിനുശേഷം 1985-ൽ രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും മാനവശേഷിവികസനം, വിദേശകാര്യം എന്നീ വകുപ്പുകളുടെ മന്ത്രിയായി പ്രവർത്തിക്കുകയും ചെയ്തു. 1993-വരെ രാജ്യസഭാംഗമായി തുടർന്നു.

1994-ൽ സിക്കിം ഗവർണ്ണറായി പി. ശിവശങ്കർ ചുമതലയേറ്റു. 1995 നവംബർ മുതൽ 1996 മേയ് വരെ കേരളാ ഗവർണ്ണറായി സേവനമനുഷ്ഠിച്ചു.

പി. ശിവശങ്കറിന്റെ നിര്യാണത്തോടെ മികച്ച ഒരു പാർലമെന്റേറിയനേയും കഴിവുറ്റ ഒരു ഭരാണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)